# ST. MARY'S PRIVATE INDUSTRIAL TRAINING INSTITUTE

MANARCAD P.O.,
KOTTAYAM - 19, KERALA
E-mail: st.marysitcmanarcad@gmail.com

*(Affiliated to the national Council For Vocational Training (N.C.V.T.) Government of India)*

# PROSPECTUS

## കേരള സർക്കാർ
## ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി

കേന്ദ്ര തൊഴിൽ വകുപ്പിന്റെ കീഴിലുള്ള എൻ.സി.വി.ടി.യുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.ടി.ഐ. കളിലെ പ്രവേശനം സംബന്ധിച്ച് (20........ – 20........)

**1. ആരംഭം**

ഇന്ത്യാ ഗവൺമെന്റ് 1950–ൽ ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി ഈ പദ്ധതിയിൽ ഇന്ന് കേരളത്തിലെ എല്ലാ ജില്ലകളിലും കൂടി 389 പ്രൈവറ്റ് ഐ.ടി.ഐ.കളിലായി വിവിധ ട്രേഡുകിൽ പരിശീലനം നൽകുന്നു. കൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ 40–ഉം പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റിന്റെ ഒരു പ്രൈവറ്റ് ഐ.ടി.ഐ.യുമുണ്ട്.

**2. ലക്ഷ്യങ്ങൾ**

1. വ്യവസായസ്ഥാപനങ്ങൾക്കാവശ്യമായ തൊഴിൽ വിദഗ്ധരെ സൃഷ്ടിക്കുക
2. വിദഗ്ധരായ തൊഴിലാളികളുടെ പ്രവർത്തനം മൂലം വ്യവസായോൽപ്പാദനവും ഗുണമേന്മയും മെച്ചപ്പെടുത്തുക.
3. വിദ്യാസമ്പന്നരായ യുവാക്കളെ തൊഴിൽ ശാലകൾക്ക് അനുയോജ്യമായ ജോലികളിൽ പരിശീനം നൽകി അവരുടെ തൊഴിലാല്ലായ്മ പ്രശ്നം പരിഹരിക്കുക.
4. സ്വയം തൊഴിൽ കണ്ടെത്താനുള്ള സാങ്കേതിക വൈദഗ്ധ്യം നൽകുക.

**3. കോഴ്സുകളും വിദ്യാഭ്യാസ യോഗ്യതകളും**

1. രാജ്യത്ത് പുരോഗതിക്കനുസൃതമായി കാലാകാലങ്ങളിൽ ട്രെയിനിംഗ് പരിഷ്കരിക്കുകയും രാജ്യത്തിനകത്തും പുറം രാജ്യങ്ങളിലും തൊഴിൽ സാധ്യത മുന്നിൽകണ്ടുകൊണ്ട് പുതിയ ട്രേഡുകൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

2. പ്രീഡിഗ്രി/മെട്രിക്കുലേഷൻ/എസ്.എസ്.എൽ.സി. ജയിച്ചവർക്കും തത്തുല്യ യഗ്യതയുള്ളവർക്കും തെരഞ്ഞെടുക്കാവുന്ന ട്രേഡുകളാണ് നിലവിലുള്ളത്. കമ്പ്യൂട്ടർ കോഴ്സിന് പ്രീഡിഗ്രിയോ മൂന്നുവർഷത്തെ പരിശീലനത്തിനു ശേഷം ലഭിച്ച എഞ്ചിനീയറിംഗ് ഡിപ്ലോമ പരീക്ഷയോ പാസ്സായിരിക്കണം. ഡക്സ് ടോപ് പബ്ലിഷിംഗ് ഓപ്പറേറ്റിംഗ് കോഴിസിന് പ്രീഡിഗ്രിക്ക് പുറമേ മിനിട്ടിൽ 30 വാക്കുകളിൽ കുറയാതെ ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് വേഗതയു ണ്ടായിരിക്കണം.

3. സെക്രട്ടേറിയൽ പ്രാക്ടീസ്, സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്,ഹിന്ദി) എന്നീ ട്രേഡു കൾക്ക് എസ്.എസ്.എൽ.സി.ക്ക് ആകെ കിട്ടിയ മാർക്കാണ് മാനദണ്ഡമാ യെടുക്കുന്നത്.

4. പ്രൈവറ്റായി എസ്.എസ്.എൽ.സി. എഴുതി തോറ്റവർക്ക് ഐ.ടി.ഐ.യിൽ പ്രവേശനത്തിന് അർഹതയില്ല.

## 4. പ്രായവും ശാരീരിക യോഗ്യതകളും

1-08-200 ൽ 14 വയസ്സ് തികഞ്ഞിരിക്കേണ്ടതും 40 വയസ്സ് കഴിയാൻ പാടില്ലാ ത്തതുമാകുന്നു. വിമുക്തഭടന്മാർക്കും പട്ടികജാതി/പട്ടിക വർഗ്ഗ അപേക്ഷ കർക്കും ഉയർന്ന പ്രായപരിധി യഥാക്രമം 40 ഉം 30 ഉം വയസ്സുവരെ ആകാ വുന്നതാണ്. തൂക്കം 25.4 കി.ഗ്രാം. ഉയരം 137 സെ.മീ. വികസിക്കുമ്പോൾ നെഞ്ചളവിൽ 3.8 സെ.മീ വികാസവുമാണ് കുറഞ്ഞ ശാരീരിക യോഗ്യത.

## 5. പ്രവർത്തന സമയം - പ്രവേശനവും തെരഞ്ഞെടുപ്പും

എല്ലാവർഷവും ആഗസ്റ്റ് ഒന്നു മുതൽ ആണ് കോഴ്സുകൾ ആരംഭിക്കുന്നത്. (പ്രവേശനത്തിന്റെ മാനദണ്ഡങ്ങൾ- എസ്.എസ്.എൽ.സി. ക്ക് ഇംഗ്ലീഷ് കണ ക്ക്, സയൻസ് എന്നീ വിഷയങ്ങൾക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാന ത്തിലാണ്) ഐ.ടി.ഐകൾ വെക്കേഷൻ അവധി ഇല്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. എല്ലാ ഐ.ടി.ഐകളും തിങ്കൾ മുതൽ ശനിവരെ രാവിലെ 7 മണി മുതൽ 3 മണി വരെയും 9 മുതൽ 5 മണിവരെയും ഉള്ള രണ്ട് ഷിഫ്റ്റു കളായാണ് പ്രവർത്തിക്കുന്നത്.

## 6. സംവരണം

ഒരു യൂണിറ്റിൽ രണ്ട് സീറ്റ് പട്ടികജാതി/ പട്ടികവർഗ്ഗത്തിന് സംവരണം ചെയ്യേ ണ്ടതാണ്. ഈ രീതിയിൽ പ്രവേശനം നൽകുന്ന ട്രെയിനികൾക്ക് അർഹത പ്പെട്ട സ്റ്റൈപ്പെന്റ്, ലംപ്സംഗ്രാന്റ് തുടങ്ങിയവ മറ്റ് ആനുകൂല്യങ്ങൾ പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ലഭിക്കുന്നതാണ്.

## 7. നിർബന്ധിത ഹാജർ ശതമാനം

1. അഖിലേന്ത്യാ പരീക്ഷയ്ക്ക് ചേരുന്നതിന് പരിശീലനാർത്ഥികൾക്ക് നിർബ ന്ധമായും ഏറ്റവും കുറഞ്ഞത് 80 ശതമാനം ഹാജർ ഉണ്ടായിരിക്കണം.

2. (1) പരിശീലനാർത്ഥി മുന്നറിയിപ്പില്ലാതെ പത്ത് സാദ്ധ്യായ ദിവസങ്ങൾ തുടർച്ച

യായി ഹാജരാകാതിരുന്നാൽ, അവരെ വിടുതൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(2) പരിശീലനാർത്ഥി പകുതിയിൽ കൂടുതൽ പ്രവർത്തിദിവസങ്ങളിൽ പരിശീനത്തിന് ഹാജരാകാതിരുന്നാൽ അതായത് ഹാജർ ശതമാനം 50 ശതമാനത്തിൽ കുറവായാൽ ഉടനെ മുന്നറിയിപ്പു കൂടാതെ പിരിച്ചുവിടുന്നതാണ്.

## 8. നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്:

എൻ.സി.വി.ടി. അംഗീകാരമുള്ള കോഴ്സുകളിൽ 80 ശതമാനത്തിൽ കുറയാതെ ഹാജരോടുകൂടി പൂർത്തിയാക്കുന്നവർ എൻ.സി.വി.ടി. നടത്തുന്ന അഖിലേന്ത്യാ പരീക്ഷയ്ക്കിരിക്കുവാൻ അർഹരാകുന്നതാണ്. ഈ പരീക്ഷയിൽ വിജയിക്കുന്നവർക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

## 9. പരീക്ഷാഫീസ്:

അഖിലേന്ത്യാ പരീക്ഷയ്ക്ക് മുമ്പായി ഏകവത്സര കോഴ്സുകാർ 40 രൂപയും ദ്വിവത്സര കോഴ്സുകൾ 50 രൂപയും പരീക്ഷാഫീസ് അടയ്ക്കേണ്ടതാണ്. ഇതിനുപുറമേ കേന്ദ്ര (എൻ.സി.വി.ടി.) സംസ്ഥാന സർക്കാർ അതാതു കാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസും അടയ്ക്കാൻ പരിശീലകർ ബാദ്ധ്യസ്ഥരാണ്.

പ്രവേശന സമയത്ത് നിശ്ചിത ഫീസ് നൽകുന്നതിനോടൊപ്പം ഇന്റർ ഐ.ടി.ഐ. കലാകായികമേള, എക്സിബിഷൻ, സുവനീർ തുടങ്ങിയവയ്ക്കായി ഒരു വർഷ കോഴ്സിലെ ട്രെയിനി 50 രൂപയും, രണ്ടു വർഷ കോഴ്സിലെ ട്രെയിനി 100 രൂപയും, 3 വർഷ കോഴ്സിലെ ട്രെയിനി 150 രൂപയും വീതം അടയ്ക്കേണ്ടതാണ്.

10. തെരഞ്ഞെടുക്കപ്പെടുന്നവർ ആ സ്ഥാപനത്തിലെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയരായിരിക്കേണ്ടതും, അച്ചടക്കം പാലിക്കേണ്ടതും പരിശീലനോപകരണങ്ങൾക്ക് നാശനഷ്ടം വരുത്താതെ സൂക്ഷിക്കേണ്ടതുമാണ്. പരിശീലനം പൂർത്തിയാക്കുന്നതിന് മുൻപ് പിരിഞ്ഞുപോകാൻ പാടില്ലാത്തതും, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുവാൻ ബാദ്ധ്യസ്ഥരുമാണ്. അച്ചടക്ക ലംഘന പ്രവർത്തനങ്ങൾ ഏർപ്പെടുന്നതിനായി ബോധ്യപ്പെട്ടാൽ മുന്നറിയിപ്പു കൂടാതെ പിരിച്ചുവിടുന്നതിനും ഉപകരണങ്ങൾ നഷ്ടം വരുത്തിയാൽ ആയതിന്റെ വില ഈടാക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം ഐ.ടി.ഐ.കളിൽ നിക്ഷിപ്തമാണ്.

ഒപ്പ്

09-06-2006

ട്രെയിനിംഗ് ഡയറക്ടർ

# ST. MARY'S PRIVATE I.T.I. MANARCAD

## സ്ഥാപനത്തിന്റെ നിബന്ധനകൾ

1. തെരഞ്ഞെടുക്കപ്പെടുന്നവർ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ഫീസിനു പുറമെ കോഷൻ ഡിപ്പോസിറ്റുകൂടി അടയ്ക്കേണ്ടതാണ്.

2. അടയ്ക്കുന്ന ഫീസുകൾ യാതൊരു കാരണവശാലും തിരികെ തരുന്നതല്ലാത്തതും കോഴ്സ് തുടങ്ങിയതിനു ശേഷം ട്രെയിനിംഗ് നിർത്തുന്നവർ സ്ഥാപനത്തിൽ അടയ്ക്കേണ്ട മുഴുവൻ ഫീസുകളും അടയ്ക്കേണ്ടതുമാണ്.

3. നിർദ്ദിഷ്ട ഫോറത്തിൽ പൂരിപ്പിച്ച അപേക്ഷകൾ പ്രിൻസിപ്പലിന് നേരിട്ട് അയയ്ക്കാവുന്നതും ........................................... വൈകുന്നേരം 4 മണിക്കു മുമ്പായി ആഫീസിൽ ഏൽപ്പിക്കാവുന്നതും, താമസിച്ച് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ലാത്തതുമാകുന്നു.

4. അപേക്ഷയോടൊപ്പം ജനനതീയതി വിദ്യാഭ്യാസ യോഗ്യത, ഇവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പുകളും, എസി.സി./എസ്.റ്റി. വിഭാഗക്കാർ ജാതി സർട്ടിഫിക്കറ്റിന്റെ കോപ്പിയും മണർകാട് വി. മർത്തമറിയം പള്ളി ഇടവകാംഗങ്ങൾ ഇടവക തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

5. ട്രെയിനിംഗിന് തെരഞ്ഞെടുക്കപ്പെടുന്നവർ ഒറിജിനൽ സർട്ടിഫിക്കറ്റ്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് സ്വഭാവ സർട്ടിഫിക്കറ്റ് ഇവ ഹാജരാക്കേണ്ടതാണ്.

6. ഡ്രാഫ്റ്റ്മെൻ സിവിൽ, ഇലക്ട്രോണിക്സ് എന്നീ ട്രേഡുകളിൽ പെൺകുട്ടികൾക്കും പ്രവേശനം കൊടുക്കുന്നതാണ് (ഹോസ്റ്റർ സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.)

7. അഡ്മിഷൻ സമയത്ത് എസ്.എസ്.എൽ.സി. ബുക്കിന്റെ കോപ്പി ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി ഏൽപ്പിക്കണം. അഡ്മിഷൻ ലഭിക്കുന്ന ട്രെയിനികളുടെ സർട്ടഫിക്കറ്റുകൾ ട്രെയിനിംഗ് കാലാവധി തീരാതെ യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

## കോഴ്സുകൾ

| | ട്രേഡുകൾ | കാലാവധി | യോഗ്യത |
|---|---|---|---|
| 1. | ഡ്രാഫ്റ്റ്സ് മെൻ - സിവിൽ | 2 Year | S.S.L.C./Equivalent |
| 2. | ഇലക്ട്രീഷൻ | 2 Year | S.S.L.C./Equivalent |
| 3. | ഫിറ്റർ | 2 Year | S.S.L.C./Equivalent |
| 4. | ഇലക്ട്രോണിക് - മെക്കാനിക്ക് | 2 Year | S.S.L.C./Equivalent |
| 5. | മെക്കാനിക് മോട്ടോർ വെഹിക്കിൾ (M.M.V) | 2 Year | S.S.L.C./Equivalent |
| 6. | മെക്കാനിക് ഡീസൽ | 1 Year | S.S.L.C./Equivalent |

Principal

# ST. MARY'S PRIVATE I.T.I.
## MANAGING BOARD

MANAGER : VERY. REV. ANDREWS CHIRAVATHARA

SECRETARY : SRI. BABY JOHN. K (SHINU)

MEMBERS : SRI. ABY VARGHESE MUNDANICKAL (TRUSTEE)

: SRI. K.M. KURIAKOSE VANDANATHU (TRUSTEE)

: SRI. P.A. CHERIAN PUTHANPURACKAL (TRUSTEE)

: SRI. JOSEPH. T.THUNDATHIL

: SRI. MATHAI. T. C. THEKKUMBHAGATHU

: SRI. KURIAKOSRE JOSEPH, PALLIKUNNEL

: SRI. MANI. ABRAHAM, ANIVELIL

: SRI. REJI THOMAS, PUNNAMTHANATHU

: SRI. SUNNY ABRAHAM, MUNDANICKAL

PRINCIPAL : PRINCE PHILIP P.M.
PANTHANAZHIYIL